# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 24 **28.06.2016**-ൽ മറുപടിയ്ക്ക്

**2016 ഫെബ്രുവരി 24, മാർച്ച് 1, 2 തീയതികളിലെ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. കെ.ജെ. മാക്സി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുൻ സർക്കാർ 2016 ഫെബ്രുവരി 24, മാർച്ച് 1, 2 തീയതികളിലായി നടത്തിയ മന്ത്രിസഭാ യോഗത്തിൽ എടുത്ത പ്രമുഖ തീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) 2016 ഫെബ്രുവരി 24, മാർച്ച് 1, 2 തീയതികളിൽ നടന്ന മന്ത്രിസഭാ യോഗത്തിൽ ആകെ 211 ഇനങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 1-1, 1-2, 1-3) |
| (ബി) പ്രസ്തുത മന്ത്രിസഭാ യോഗങ്ങളുടെ തീരുമാനമനുസരിച്ച് മുൻ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; | (ബി) മേൽ 211 ഇനങ്ങളിൽ എടുത്ത തീരുമാനങ്ങളിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള ലഭ്യമായ ഉത്തരവുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. ശേഷമുള്ളവ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്. (അനുബന്ധം-2). |
| (സി) ഈ നടപടികൾ അസാധുവാക്കാനും നിയമവിരുദ്ധ ഉത്തരവുകളെന്ന അടിസ്ഥാനത്തിൽ, നടപടി സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം നടപടിയെടുക്കാൻ തയ്യാറാകുമോ? | (സി) കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് 2016 ജനുവരി 1-ന് ശേഷം എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭായോഗ തീരുമാനങ്ങളും അതാത് വകുപ്പ് സെക്രട്ടറിമാർ പരിശോധിച്ച് പുനപരിശോധന ആവശ്യമുള്ളവ താഴെപ്പറയുന്ന മന്ത്രിമാർ അടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും ഉപസമിതിയുടെ ശുപാർശയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും 25.05.2016-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനം എടുത്തിട്ടുണ്ട്. |

**ഉപസമിതിയിലെ അംഗങ്ങൾ**

ശ്രീ. എ.കെ. ബാലൻ - കൺവീനർ

അഡ്വ വിഎസ്. സുനിൽകുമാർ - മെമ്പർ

ശ്രീ. എ.കെ. ശശീന്ദ്രൻ - മെമ്പർ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി - മെമ്പർ

അഡ്വ. മാത്യു റ്റി തോമസ് - മെമ്പർ

ഡോ. ടി എം. തോമസ് ഐസക്ക് - മെമ്പർ.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്**